# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6392 31.10.2011-ൽ മറുപടിക്ക്

**ഡാമുകളിലെ മണൽ വാരൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** മുൻസർക്കാരിന്റെ കാലത്ത് നടപ്പാക്കിയ സംസ്ഥാനത്തെ ഡാമുകളിലെ മണൽ വാരൽ പദ്ധതിയിൽ ക്രമക്കേടുകൾ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | **(എ)** പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. |
| **(ബി)** ഏതെല്ലാം ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ചുവെന്നും എത്രകോടി രൂപയുടെ മണൽ വിറ്റു എന്നും വ്യക്തമാക്കുമോ; | **(ബി)** കെംഡലിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, ചുള്ളിയാർ വാളയാർ എന്നീ ഡാമുകളിൽ നിന്നും മണൽ ഖനനം നടത്തി. ഈ ഇനത്തിൽ 15 കോടി രൂപയാണ് സർക്കാരിന് ലഭിച്ചത്. |
| **(സി)** ഈ പദ്ധതിയുടെ നടത്തിപ്പി നായും മേൽനോട്ടത്തിനായും ആരെയാണ് ചുമതലപ്പെടുത്തി യിരുന്നത്; | **(സി)** പാലക്കാട് ജില്ലയിലെ മലമ്പുഴ, ചുള്ളിയാർ വാളയാർ എന്നീ ഡാമുകളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് കേരളാ സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചത്. പുത്തൂർ കായലിൽ മണൽ വാരൽ സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. പൂമല ഡാമിൽ നിന്നും മണൽ സംഭരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കെ.ഇ.എം.ഡി.ഇ.എൽ-നെ ഏൽപ്പിച്ചു. ആക്കുളം കായലിലെ ഡ്രെഡ്ജിംഗ് പ്രവർത്തനവും, വേളി പ്രദേശത്ത് നിന്ന് മണൽ സംഭരിക്കുന്നതും ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. പഴശ്ശി ഡാം, പെരുവണ്ണാമൂഴി, കക്കയം ഡാം എന്നിവിടങ്ങളിൽ നിന്നും മണൽ |

| | |
|---|---|
| | സംഭരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ, കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തി. |
| **(ഡി)** പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് കോർ കമ്മിറ്റി സർക്കാരിന് എന്തെങ്കിലും പരാതിയോ വിജിലൻസ് അന്വേഷണ ശുപാർശയോ നൽകിയിരുന്നോ;<br><br>**(ഇ)** എങ്കിൽ അതനുസരിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | **(ഡി)&(ഇ)** കോർകമ്മിറ്റി പരാതികൾ നൽകിയിട്ടില്ല. എന്നാൽ ജനപ്രതിനിധികൾ ചില പരാതികൾ നൽകിയിരുന്നു. |
| | **സെക്ഷൻ ഓഫീസർ** |